Dheshabhimani 7-08-19, P-02

# കുമിൾരോഗവും അഴുകലും; ഓണകൃഷി 'വെള്ളത്തിൽ'

സ്വന്തം ലേഖകൻ

**തൃശൂർ**

പെരുംമഴയിൽ കുമിൾരോഗബാധയും അഴുകലുംമൂലം കാർഷികമേഖലയിൽ വൻകെടുതി. വാഴയും പച്ചക്കറിയും ഉൾപ്പെടെ ഓണകൃഷി പൂർണമായും വെള്ളത്തിലായി. നെല്ല്, തെങ്ങ്, കവുങ്ങ്, റബർ, ജാതി, ഇഞ്ചി തുടങ്ങി സർവകൃഷികളെയും തോരാമഴ തകർത്തു. വായ്പയെടുത്തും ഭൂമി പാട്ടത്തിനെടുത്തും കൃഷിയിറക്കിയ കർഷകർ ദുരിതത്തിലായി. കാലവർഷദുരിതം ഓണവിപണിയിൽ വൻ വിലക്കയറ്റത്തിനും വഴിവയ്ക്കും.

ജില്ലയിൽ വാഴകൃഷിക്കാണ് കൂടുതൽ നാശം സംഭവിച്ചത്. പാവൽ, പടവല, വെള്ളരി, പയർ, വെണ്ട, വഴുതന തുടങ്ങി പച്ചക്കറി കൃഷികൾക്കെല്ലാം കുമിൾബാധ പിടിപ്പെട്ടിട്ടുണ്ട്. വാഴകൾക്ക് മട അഴുകലാണ് സംഭവിച്ചത്. ഒരു ദിവസം കടയിൽ വെള്ളംനിന്നാൽ വാഴയുടെ വേര് ചീയും. വേരുചീഞ്ഞാൽ പുതിയത് വളരില്ല. ഇക്കുറി ദിവസങ്ങളോളം വാഴത്തോട്ടങ്ങളിൽ വെള്ളംകെട്ടിനിന്നതോടെ വൻ നാശം സംഭവിച്ചതായി റിപ്പോർട്ടുണ്ടെന്ന് കാർഷിക സർവകലാശാല അധികൃതർ പറഞ്ഞു.

പീച്ചിഡാം തുറന്നതോടെ പുഴയോട് ചേർന്നുള്ള നിരവധി തോട്ടങ്ങൾ വെള്ളത്തിലായി. മലയോരപ്രദേശങ്ങളിലെ തോട്ടങ്ങളിലെ വാഴകൾ കാറ്റിലും ഒടിഞ്ഞുവീണു. ഇതോടെ വൻ ദുരിതമാണുണ്ടായത്. ഓണത്തിന് ലക്ഷ്യം വച്ച് നട്ടുപടിപ്പിച്ച ആയിരക്കണക്കിന് നേന്ത്രവാഴകളാണ് കൂട്ടത്തോടെ നശിച്ചത്. ഭൂമി പാട്ടത്തിനെടുത്തും വായ്പയെടുത്തുമാണ് ഭൂരിഭാഗം കർഷകരും വാഴകൃഷിയിറക്കിയത്. ഇവർ കടക്കെണിയിലായി.



പുത്തൂരിൽ വെള്ളം കയറിയ വാഴത്തോട്ടങ്ങളിലൊന്ന്

- തെങ്ങുകളും കവുങ്ങുകളും കൂമ്പ് ചീഞ്ഞു
- ജാതി, റബർ എന്നിവയുടെ ഇലകൾ പൊഴിഞ്ഞു
- കുരുമുളകിന് ദ്രുതവാട്ടം
- മഴക്കെടുതി അന്വേഷിക്കാൻ കേന്ദ്രസംഘം അടുത്തയാഴ്ച ജില്ലയിൽ

തോരാമഴയിൽ ജില്ലയിൽ നൂറുകണക്കിന് തെങ്ങുകളും കവുങ്ങുകളും കൂമ്പ് ചീഞ്ഞുനശിച്ചു. അതിജീവനശേഷിയുള്ള പനകളുടെ കൂമ്പ്വരെ ചീഞ്ഞു. ജാതി, റബർ എന്നിവയുടെ ഇലകൾ പൂർണമായും പൊഴിഞ്ഞു. റബിന്റെ പാലുൽപ്പാദനം നിലച്ചു. കുരുമുളകിന് വൻതോതിൽ ദ്രുതവാട്ടമാണ് സംഭവിച്ചത്. ജില്ലയിൽ വ്യാപകമായി ഇക്കുറി ഇഞ്ചികൃഷിയിറക്കിയിരുന്നു. ഇതും വൻതോതിൽ നശിച്ചു. കൃമി, കീടരോഗ ബാധ നെൽകൃഷിയേയും ബാധിച്ചു. മുണ്ടകൻകൃഷി നശിച്ചു. വിരിപ്പുകൃഷിയേയും ബാധിച്ചു.

ഓണത്തിന് ജൈവപച്ചക്കറിയെന്നലക്ഷ്യവുമായി സർക്കാർ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിപ്രകാരം ജില്ലയിൽ 4,12,850 പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പത്ത് ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. ഇതിനുപുറമെ 87,500 ഗ്രോബാഗുകളും വിതരണം ചെയ്തു. ഹരിതകേരളം പദ്ധതിപ്രകാരം സ്കൂൾ വിദ്യാർഥികൾക്കായി 3,50,000 വിത്തുപായ്ക്കറ്റുകളും വിതരണം ചെയ്തു. ഈ വിത്തുകളിലും ഭൂരിഭാഗവും മഴയിൽ ഒഴുകിപ്പോയി. ചെടികളും അഴുകി. ഗ്രോബാഗുകളിൽ നട്ട പച്ചക്കറികളും മഴയിൽ തണ്ട് അഴുകി നാശമാവുന്നുണ്ട്. മഴക്കെടുതിയുമായി ബന്ധപ്പെട്ട് കേന്ദ്രസംഘം അടുത്തയാഴ്ച ജില്ലയിലെ വിവിധ ഭാഗങ്ങൾ സന്ദർശിക്കും.